# കേരളസർവകലാശാല

നം.പി.ആർ.195/2023 തിരുവനന്തപുരം, തീയതി: 25/09/2023

## പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ AICTE അംഗീകാര മുള്ള എം.ടെക്. ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമിൽ റിസർവേഷൻ സീറ്റുകൾ ഉൾപ്പെടെ ഒഴിവുകളുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യത: കുറഞ്ഞത് 55 ശതമാനം മാർക്കോടെ ഏതെങ്കിലും ബ്രാഞ്ചിൽ ബി.ടെക്. ബിരുദം. താല്പ്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 2023 സെപ്റ്റംബർ 27 ന് രാവിലെ 10.30 ന് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ ഫ്യൂച്ചേഴ്സ് സ്റ്റഡീസ് വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷ മാറ്റിവച്ചു.

കേരളസർവകലാശാല 2023 സെപ്റ്റംബർ 28 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിയിരിക്കുന്നു. പുതുക്കിയ തീയതി വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ആഗസ്റ്റ് 1 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ – സാഹിത്യ (റെഗുലർ/സപ്ലിമെന്ററി) ജൂലൈ 2023 പരീക്ഷ, 2023 ഒക്ടോബർ 3 ന് നടത്തുന്നതാണ്. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. ജൂലൈ 2023 (റെഗുലർ–2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി–2020 അഡ്മിഷൻ, സപ്ലിമെന്ററി–2018 & 2019 അഡ്മിഷൻ, മേഴ്സി ചാൻസ് 2014-2017 അഡ്മിഷൻ) പരീക്ഷയുടെ ബയോകെമിസ്ട്രി (കോർ & കോംപ്ലിമെന്ററി), പോളിമർ കെമിസ്ട്രി (കോർ), കെമിസ്ട്രി (കോർ & കോംപ്ലിമെന്ററി), കോംപ്ലിമെന്ററി കമ്പ്യൂട്ടർ സയൻസ് (മാത്ത്സ് & സ്റ്റാറ്റിസ്റ്റിക്സ്), മെഷീൻ ലേണിംഗ് (കോംപ്ലിമെന്ററി ഓഫ് ഫിസിക്സ് വിത്ത് മാത്ത്സ് ആന്റ് മെഷീൻ ലേണിംഗ്) എന്നിവയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ എം.എ. ഇക്കണോമിക്സ് (2021-2023) സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

# ടൈംടേബിൾ

കേരളസർവകലാശാല 2023 ഒക്ടോബർ 9 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ സ്റ്റഡീസ് (DTS) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**